പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1591 | 31-01-2018-ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം തുക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുമോ; | (എ) കാർഷിക മേഖലയിൽ ഉണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-01-2007-ന് മുമ്പായി സഹകരണ സംഘം/മറ്റ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകി വരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചു വരുന്നു. കടക്കെണിയിലായ കർഷകരുടെ കാര്യത്തിൽ കമ്മീഷൻ കടാശ്വാസ നിയമം അനുശാസിക്കുന്ന പരിധിയിൽ സാദ്ധ്യമായ ഇടപെടൽ നടത്തുകയും ജപ്തി നടപടികൾക്ക് സ്റ്റേ അനുവദിക്കുകയും തുടർന്ന് അർഹരായവർക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്യുന്നു. ഒരു കർഷകന് 50,000/- രൂപ വരെയുള്ള വായ്പയ്ക്ക് 75% വരെയും 50,000/- രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് 50% വരെയും പരമാവധി ഒരു ലക്ഷം രൂപയും ആണ് കടാശ്വാസം ശിപാർശ ചെയ്തു വരുന്നത്. |

കടക്കെണിയിലായ കർഷകർക്ക് ആശ്വാസം നല്കുന്നതിലേക്കായി കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മെയ് 21 മുതൽ 3 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം കർഷക കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം സഹകരണ സംഘങ്ങൾ മുഖേന എത്ര രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്; | (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം 13398 വായ്പകളിലായി 33,59,27,094/- രൂപ വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 10048 വായ്പകളിലായി 11,40,29,053/- രൂപയുടെ അവാർഡ് തുക വിതരണം ചെയ്യുന്നതിനായി സഹകരണ വകുപ്പിന്റെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ശുപാർശ നൽകിയ മുഴുവൻ തുകയും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശം നൽകുമോ? | |

**സെക്ഷൻ ഓഫീസർ**